## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1174 03.12.2015-ൽ മറുപടിയ്ക്ക്

### <u>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14. പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇല്ലായെങ്കിൽ ഇത്തരത്തിലൊരു തീരുമാനമെടുത്തതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (ബി) | ബാധകമല്ല |

<table>
<tr>
<td>(സി)</td>
<td>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന സാഹചര്യത്തിൽ ഇത്തരം സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുള്ളതാണോ;</td>
<td rowspan="2">(സി)<br>&<br>(ഡി)</td>
<td rowspan="2">15.05.15-ലെ സ.ഉ.(എം.എസ്)115/2015/പൊ.വി.വ. ഉത്തരവിലെ ഖണ്ഡിക III-ലെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയായിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. മേൽ വ്യവസ്ഥ പിന്നീട് ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖേന എന്നാക്കി 25.08.15-ലെ സ.ഉ.(എം.എസ്)229/15/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.<br>1. രക്ഷാകർത്തൃ പ്രതിനിധികൾ<br>2. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.<br>3. സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.<br>4. സ്ഥാപനത്തിലെ പ്രധാനാധ്യാപകൻ<br>5. സ്കൂൾ മാനേജർ<br>6. സബ്ജക്ട് എക്സ്പേർട്ട് ഇൻ ഡിസബിലിറ്റീസ്<br>സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നകാര്യം അടിയന്തിരമായി പരിഗണിച്ച് അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ